## പതിമൂന്നാം കേരളനിയമസഭ

### പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം: 1552 — 13-7-2011- ൽ മറുപടിക്ക്

### താൽക്കാലിക വീട്ടുനമ്പർ നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. അബ്ദുൾറഹിമാൻ രണ്ടത്താണി: | ബഹു: ഡോ. എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) വീട് നിർമ്മിച്ച സ്ഥലം പ്രമാണങ്ങളിൽ വയൽ എന്ന് രേഖപ്പെടുത്തിയത് കാരണം നിർമ്മാണം കഴിഞ്ഞ് വർഷങ്ങളായിട്ടും പ്രസ്തുത വീടുകൾക്ക് പഞ്ചായത്തിൽ നിന്ന് വീട്ടുനമ്പർ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) വീട്ടു വയ്ക്കാൻ മറ്റു സ്ഥലങ്ങളില്ലാത്ത ഇവർക്ക് ഇതുമൂലം വൈദ്യുതി കണക്ഷൻ, റേഷൻ കാർഡ് എന്നിവ ലഭിക്കാതെ ബുദ്ധിമുട്ടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ ; | (ബി) വീടു വയ്ക്കാൻ മറ്റ് സ്ഥലങ്ങളില്ലാത്തവർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ സർക്കാർ പരിശോധിച്ചിട്ടുണ്ട്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് മുൻപ് നിലമെന്ന് റവന്യൂ രേഖകളിൽ രേഖപ്പെടുത്തിയതു കാരണം വീട് നിർമ്മിക്കുന്നതിന് പെർമിറ്റ് ലഭിക്കുന്നില്ലായെന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ 31.07.2008-ലെ 45846/RA1/08/LSGD, 23.09.2008 ലെ 59655/RA1/08/LSGD എന്നീ നമ്പർ സർക്കുലറുകൾ പുറപ്പെടുവിക്കുകയും പ്രസ്തുത സർക്കുലറുകളിലെ നിബന്ധനകളുടെ അടിസ്ഥാനത്തിൽ ബിൽഡിംഗ് പെർമിറ്റ് നൽകുന്നതിന് കൃഷി ആഫീസർ, |

വില്ലേജ് ആഫീസർ, പഞ്ചായത്തിലെ അസി:എഞ്ചീനിയർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറി (കൺവീനർ) എന്നിവർ ഉൾപ്പെട്ട കമ്മിറ്റി സ്ഥലത്തെക്കുറിച്ചുള്ള മഹസ്സർ തയ്യാറാക്കി മറ്റൊരിടത്തും സ്വന്തമായി ഭൂമി ഇല്ലാത്തവർക്ക് 300ചതുരശ്രമീറ്ററിൽ കുറവ് വിസ്തീർണ്ണമുള്ള വീടുകൾക്ക് നിർമ്മാണാനുമതി നൽകുന്നതിനുള്ള തീരുമാനം എല്ലാ മാസവും കൂടി കൈക്കൊള്ളുന്നതിന് നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ 2008 -ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമായ ശേഷം പ്രസ്തുത കമ്മിറ്റി കൂടാത്ത സാഹചര്യം ഉണ്ടായതായും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും കെട്ടിടനിർമ്മാണത്തിന് അനുമതി നിഷേധിക്കുന്നതായും ശ്രദ്ധയിൽ പ്പെട്ടതിനെ ത്തുടർന്ന് റവന്യൂ, കൃഷി, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകൾ 30.10.2010-ൽ വിഷയം ചർച്ച ചെയ്ത് സംശയ ദൂരീകരണം നടത്തിയതു പ്രകാരം 22-01-2011-ൽ 4545/RA1/11/ തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം ഇക്കാര്യത്തിൽ വ്യക്തമായ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. അതിൻപ്രകാരം 2008-ലെ കേരള നെൽവയൽ സംരക്ഷണ നിയമം നിലവിലുള്ള നെൽവയലുകൾ, തണ്ണീർത്തടങ്ങൾഎന്നിവയ്ക്കു മാത്രം ബാധകമായതിനാൽ പ്രസ്തുത നിയമം നിലവിൽ വരുന്നതിന് പത്തു വർഷം മുമ്പ് നികത്തപ്പെട്ട സ്ഥലത്ത് കെട്ടിട നിർമ്മാണത്തിന് അനുമതി നൽകാവു ന്നതാണെന്നും 31.07.2008 ലെ 45846/RA1/2008/തസ്വഭവ 23/09/2008-ലെ 59655/RA1/2008/തസ്വഭവ. നമ്പർ സർക്കുലറുകൾ എന്നിവ പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ വീട് നിർമ്മിച്ചിട്ടുള്ള

പക്ഷം കെട്ടിടനിർമ്മാണ ചട്ടങ്ങൾക്ക് അനുസൃതമാണെങ്കിൽ അവർക്ക് കെട്ടിട നമ്പർ നൽകേണ്ടതാണെന്നും റവന്യൂ, കൃഷി എന്നീ വകുപ്പുകളുടെ പ്രതിനിധികൾ കമ്മിറ്റിയിൽ നിർബന്ധമായും പങ്കെടുക്കേണ്ടതാണെന്നും, കമ്മിറ്റി എല്ലാ മാസവും കൂടുന്നതിന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടിസ്വീകരിക്കേണ്ടതാണെന്നും, സ്ഥല സന്ദർശനം നടത്തി ഫോട്ടോ എടുത്ത് മഹസ്സർ തയ്യാറാക്കി കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി തുടർനടപടി സ്വീകരിക്കേണ്ടതാണെന്നും നിഷ്ക്കർഷിച്ചിട്ടുണ്ട്.

(സി) എങ്കിൽ ഇത്തരം വീടുകളുടെ ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ അതിന്റെ അടിസ്ഥാനത്തിൽ താൽക്കാലിക വീട്ടുനമ്പർ കൊടുക്കുന്ന കാര്യം പരിഗണിക്കുമോ ?

(സി) സർക്കാരിന്റെ22-01-2011-ലെ 4545/RA1/11/ തസ്വഭവ. നമ്പർ സർക്കുലറിൽ വ്യക്തമാക്കപ്പെട്ടിട്ടുള്ളതുപോലെ 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ബാധകമാക്കുന്നതിന് മുൻപ് നികത്തപ്പെട്ട സ്ഥലത്ത് നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങൾക്ക് ഉടമസ്ഥാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയാൽ നിലവിലുള്ള 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും കേരള പഞ്ചായത്ത് രാജ് ആക്ട് 220 (ബി) യ്ക്കും വിധേയമായി വീട്ട് നമ്പർനൽകുന്നകാര്യം പരിഗണിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ